# ബില്ലിഗ്രഹാം : അസ്തമിച്ചു പോയ ദൈവ തേജസ്സ് !

**തോമസ് ഫിലിപ്പ്, പാറക്കമണ്ണിൽ റാന്നി**

റവ. ഡോ ബില്ലിഗ്രഹാമിന്റെ മരണത്തോട് ലോകത്തിൽ നിന്നും മറ്റൊരു ദൈവ തേജസ്സു കൂടി അസ്തമിച്ചു പോയിരിക്കുന്നു! ലോക രാഷ്ട്രത്തലവന്മാരേക്കാളും അമേരിക്കൻ പ്രസിഡന്റന്മാരേക്കാളുമധികം ആദരണീയനും പ്രിയങ്കരനുമായിരുന്ന മഹാനായ ദൈവവേലക്കാരനായിരുന്നു ബില്ലിഗ്രഹാം! ജാതിമത വർഗ്ഗ വ്യത്യാസമെന്യേ അമേരിക്കൻ ജനത മുഴുവനും ലോകരാഷ്ട്രങ്ങളും ഒത്തുചേർന്ന് അദ്ദേഹത്തിന് നൽകിയ അതിശ്രേഷ്ഠവും അതുല്യമനോഹരവുമായ അന്ത്യയാത്രോപചാരങ്ങൾ ഇത് ഉദ്ഘോഷിക്കുകയും ചെയ്യുന്നു. നിസ്തുലമായ ദൈവ സ്നേഹത്തിലധിഷ്ഠിതമായ  സുവിശേഷ സത്യങ്ങളിലൂടെയും ലോകപ്രശസ്തങ്ങളായ തന്റെ നിരവധി ഗ്രന്ഥങ്ങളിലൂടെയും ലോകജനതയെ ഇത്രയധികം സ്വാധീനിച്ച മറ്റൊരു ആത്മീയ നേതാവ് ഉണ്ടോ? ന്യൂയോർക്കിനെയും അമേരിക്കയെയും അധികം സ്നേഹിച്ച ബില്ലിഗ്രഹാം അമേരിക്കയിലെ സ്വവർഗ്ഗരതികളെയും ലൈംഗികമായ വഷളത്തങ്ങളെയും മ്ലേഛതകളെയും അധാർമ്മികമായ വിവാഹമോചനങ്ങളെയുമൊക്കെ അങ്ങേയറ്റം ശക്തിയായി അപലപിക്കുകയും ചെയ്തിരുന്നു.

നിസ്തുലമായ ദൈവസ്നേഹത്തിലധിഷ്ഠിതമായ സുവിശേഷ ദൂതുകളിലൂടെയും ലോകപ്രശസ്തങ്ങളായ തന്റെ നിരവധി ഗ്രന്ഥങ്ങളിലൂടെയും ലോകജനതയെ ഇത്രയധികം സ്വാധീനിച്ച അനേകായിരങ്ങളെ ക്രിസ്തുവിൽ കൂടിയുള്ള രക്ഷയിലേക്കാനയിച്ച മറ്റൊരു ആത്മീയ നേതാവ് ഉണ്ടോയെന്ന് തോന്നുന്നില്ല. മൂഡിയെയും സ്പർജനെയും സാധുസുന്ദര സിംഗിനെയുമൊന്നും മറക്കുന്നുമില്ലിവിടെ. ഏതാണ്ട് ഒരു നൂറ്റാണ്ട് കാലം ജീവിച്ചിരുന്ന് 185 ലോകരാഷ്ട്രങ്ങളിലെ ജനകോടികളോട് ക്രിസ്തുവിന്റെ ക്രൂശിലെ സ്നേഹത്തെയും നിത്യജീവനയുംപ്പറ്റി ഘോഷിച്ച റവ. ഡോ. ബില്ലിഗ്രഹാമിന്റെ ഉന്നതവും ഉദാത്തവുമായ നാമം ക്രൈസ്തവ നഭോമണ്ഡലത്തിൽ വെള്ളി നക്ഷത്രം പോലെ എന്നെന്നും ആത്മപ്രകാശം പരത്തിക്കൊണ്ടിരിക്കും!

നീണ്ട ആറ് ദശാബ്ദങ്ങളിലായി ഡോ. ബില്ലിഗ്രഹാം ലോകത്തോട് ഘോഷിച്ച സുവിശേഷത്തിന്റെ അന്തസ്സത്തെ ഇതാണ്. മരണം മനുഷ്യജീവിതത്തിന്റെ അന്ത്യമല്ല. അതിനെ ആരും ഭയപ്പെടേണ്ട. മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനായി കാൽവറി ക്രൂശിൽ സ്വയം തന്റെ പരിശുദ്ധ രക്തം ചിന്തി, മരിച്ച് മൂന്നാം നാൾ ഉത്ഥാനം ചെയ്ത ക്രിസ്തു എല്ലാ മനുഷ്യരുടെയും മരണത്തിനെതിരായ ഉത്തരവും പ്രത്യാശയുമാകുന്നു. “ഞാൻ തന്നേ പുനരുത്ഥാനവും പ്രത്യാശയുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല.” (യോഹ. 11:25-26) അതെ, എന്നേക്കുമായി നാം നശിച്ചുപോകയില്ല. ഇതിനേക്കാൾ മഹത്തായതും വിലയേറിയതുമായ ഒരു വാഗ്ദാനവും പ്രത്യാശയും ലോകത്തിലുണ്ടോ? ബില്ലിഗ്രഹാം മരണം വരെ തന്റെ സഹോദരീ സഹോദരന്മാരായ മനുഷ്യരോട് പ്രസംഗിച്ചത് അമൂല്യമായ ഈ ദൈവദൂതായിരുന്നു! റവ. ഡോ. ബില്ലിഗ്രഹാമിന് എന്റെ ഹൃദയംഗമമായ ആദരാഞ്ജലികൾ!

*****